## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം - കോട്ടയം നഗരസഭ- വാസഗൃഹ നിർമ്മാണം-കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 19.12.2019 ലെ PW7/BA/717/18-19 നമ്പർ കത്ത്.

===================================================================

**ഉത്തരവ് നമ്പർ C/458/2019/K.Dis, തീയതി : 23.03.2019.**

===================================================================

കോട്ടയം നഗരസഭയിൽ വേളൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 204, റീ സർവ്വെ നമ്പർ 14/2-5 ൽ പെട്ട 1.62 Are വിസ്തീർണ്ണമുള്ള സ്ഥലത്ത് 57.60 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരുനില വാസഗൃഹം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥലം അംഗീകരിച്ച കോട്ടയം മാസ്റ്റർ പ്ലാൻ പ്രകാരം കാർഷിക മേഖലയിൽ ഉൾപ്പെടുന്നു. ടി മേഖലയിൽ 300 ച:മീറ്റർ വരെ താഴെ വിസ്തീർണ്ണമുള്ള സിംഗിൾ ഫാമിലി റസിഡൻഷ്യൽ ബിൽഡിംഗിന് ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് ആവശ്യമാണ്. ടി വിഭാഗത്തിൽ പെടുന്ന വാസഗൃഹ നിർമ്മാണമായതിനാൽ താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയ മായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ.**

1. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, വസ്തുവിന്മേൽ അപേക്ഷകനുള്ള ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ബന്ധപ്പെട്ട രേഖകൾ പരിശോധി ച്ചും സ്ഥല പരിശോധന നടത്തിയും ശരിയാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
2. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
3. നിർദ്ദിഷ്ട സ്ഥലത്ത് വികസന/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധക മെങ്കിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കുലറുകൾക്കും 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
4. KMBR-1999 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമ ങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.
(Concurrence No. 24./19/KTM)

സുജ മത്തായി
**ടൗൺ പ്ലാനർ**

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം
പിൻ - 686 001
ഫോൺ: 2564160
കോട്ടയം

സെക്രട്ടറി
കോട്ടയം നഗരസഭ (ഉള്ളടക്കം സഹിതം)

പകർപ്പ് : 1. ശ്രീ. അനിൽകുമാർ
പഴിഞ്ഞാൻ പറമ്പിൽ
കോട്ടയം വെസ്റ്റ് പി.ഒ., വേളൂർ
2. അധികം -1

MD/22.02.19